**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 409** **27-01-2026 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യൂ ടി. തോമസ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളീയ സമൂഹത്തിന്റെ പുതിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കേരളീയ സമൂഹത്തിന്റെ പുതിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനും വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും പുതിയ കാലത്തിന്റെ വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കഴിയുംവിധം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തി വരുന്നത്.<br><br>തദ്ദേശഭരണസ്ഥാപനങ്ങളുടെ പതിനാലാം പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നായിരുന്ന 'അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യുക' എന്ന ലക്ഷ്യം 2025 നവംബർ 1 ന് കൈവരിച്ചു. വികേന്ദ്രീകൃതവും സംയോജിതവുമായ രീതിയിലൂടെ ജൈവ-അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിലും ഏറെ മുന്നേറാനായി. കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ സംസ്ഥാനമായി മാറ്റുന്നതിനും കഴിഞ്ഞു. സേവനങ്ങൾ ലഭ്യമാക്കുന്നതിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും കഴിഞ്ഞു.<br><br>കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്നതും ദുരന്തസാധ്യത കുറയ്ക്കുന്നതുമായ രീതിയിൽ പ്രവർത്തനങ്ങളെ വികസന ആസൂത്രണത്തിലേക്ക് സംയോജിപ്പിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. പ്രാദേശിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, സാമ്പത്തിക പ്രവർത്തനങ്ങൾ മെച്ചപെടുത്തുന്നതിലും, സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഉൽപ്പാദനാധിഷ്ഠിതവും നിക്ഷേപക സൗഹൃദപരവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ മുൻഗണന നൽകി വരുന്നു. നൈപുണ്യ വികസനത്തിന് പ്രാധാന്യം നൽകിയും, പ്രാദേശിക സാമ്പത്തിക വികസനം മുന്നിൽ കണ്ടും സംരംഭവികസനത്തിലൂന്നിയ ലക്ഷ്യാധിഷ്ഠിത പദ്ധതികൾ രൂപപ്പെടുത്തുന്നതിനും പ്രാപ്തരാക്കും. സംസ്ഥാനത്തെ വളർന്നുവരുന്ന വയോജന ജനസംഖ്യ കണക്കിലെടുത്ത് വയോജനങ്ങൾക്ക് വേണ്ടി സമഗ്രമായ പരിപാടികൾ ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കും. അതോടൊപ്പം പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾ, വനിതകൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ എന്നിവരെയും ഉൾക്കൊണ്ടുകൊണ്ടും, സമഗ്രവും, അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമായ പ്രാദേശിക ഭരണത്തിന് മുൻഗണന നൽകും. |
| (ബി) | ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ വയോജന ക്ഷേമം, പാലിയേറ്റിവ് കെയർ, ലഹരിക്കെതിരെ മുന്നേറ്റം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | വയോജന ക്ഷേമം, പാലിയേറ്റീവ് കെയർ, ലഹരിക്കെതിരെയുള്ള മുന്നേറ്റം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിപുലമായ പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.<br><br>വയോജനങ്ങൾക്ക് ശാരീരിക - മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകി ഏറ്റെടുക്കണമെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി തങ്ങളുടെ വാർഷിക പദ്ധതിയിൽ ഒരു പ്രത്യേക പദ്ധതി രൂപീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ മുൻനിർത്തി, വയോജനങ്ങൾക്ക് യോഗ പരിശീലനം, വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ, വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയിലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം 'ക്യൂ'വിനുള്ള സംവിധാനങ്ങളും, പകൽ വീടുകൾ, വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം, കട്ടിൽ, ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ സഹായ ഉപകരണങ്ങൾ (ഹിയറിംഗ് എയ്ഡ്, വീൽച്ചെയർ, വാക്കർ എന്നിവ), പരിഹാര സംവിധാനങ്ങൾ മുതലായവ, പുതിയ പൊതു കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവ |

| | | | |
|---|---|---|---|
| | | | വയോജന സൗഹൃദമാണെന്ന് ഉറപ്പ് വരുത്തൽ, വയോക്ലബ്ബുകൾ (പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ- വിനോദകേന്ദ്രങ്ങൾ), ഇടുക്കി-വയനാട് ജില്ലകളിലെ ഹൈറേഞ്ച് പ്രദേശത്ത് താമസിക്കുന്ന വയോജനങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും കമ്പിളിപ്പുതപ്പ് വിതരണം - എന്നീ പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.<br><br>പാലിയേറ്റീവ് കെയർ സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ നൽകുന്ന പാലിയേറ്റീവ് പരിചരണ പദ്ധതി ഒരു അനിവാര്യ പദ്ധതിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ, സന്നദ്ധ മേഖലകളിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളെയും സന്നദ്ധ പ്രവർത്തകരെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമായ എല്ലാ രോഗികൾക്കും, വരുമാനപരിധി കണക്കിലെടുക്കാതെ, പരിചരണം ലഭ്യമാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇപ്രകാരം സാർവത്രിക പാലിയേറ്റീവ് പരിചരണം സാധ്യമാക്കുന്നതിന് സ.ഉ.(കൈ)നം. 59/2025/ തസ്വഭവ; തീയതി 27.03.2025 പ്രകാരം ഒരു ജനകീയ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ഒരു 'പാലിയേറ്റീവ് കെയർ ഗ്രിഡ്' നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും സെക്കന്ററി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ) നം.126/2026/ തസ്വഭവ; തീയതി 15.01.2026 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ലഹരിക്കെതിരെയുള്ള സംസ്ഥാന സർക്കാർ ക്യാമ്പയിനിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 29.04.2025 ലെ ഡി.എ1/154/2025/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ